(ഇ) 31-4-2004-വരെയുള്ള എ. ജി.-യുടെ താൽക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ റവന്യൂ വരുമാനം ഇതേ കാലയളവിലെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ 418.45 കോടി രൂപ വർദ്ധിച്ചിട്ടുണ്ട്.

ദ്വിമുഖ വിൽപ്പന നികുതി ഏർപ്പെടുത്തുന്നതുകൊണ്ടുണ്ടാകുന്ന അധിക പ്രയോജനങ്ങൾ

*4 [533] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. ബാബു:

,, എൻ. ശക്തൻ:

,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകമുഖ വിൽപ്പനനികുതിയുടെ തോത് വർദ്ധിപ്പിക്കാതെ ദ്വിമുഖ വിൽപന നികുതി ഏർപ്പെടുത്തുന്നതുകൊണ്ടുണ്ടാകുന്ന അധിക പ്രയോജനങ്ങൾ എന്തെല്ലാമാണെന്നു വിശദീകരിക്കുമോ;

(ബി) ഏകമുഖ വിൽപന നികുതി ചുമത്തിയിട്ടുള്ള ഇനങ്ങളുടെ നികുതി അവയുടെ ആദ്യ വിൽപ്പനയിൽ തന്നെ വസൂലാക്കാൻ കഴിയുമോ;

(സി) ഏകമുഖ വിൽപ്പന നികുതിയുടെ തോത് വർദ്ധിപ്പിക്കാതെ നികുതി ദ്വിമുഖമാക്കുമ്പോൾ പ്രസ്തുത ഇനങ്ങളുടെ നികുതി പൂർണ്ണമായും ലഭിക്കുന്നതിന് അതിന്റെ രണ്ടാമത്തെ വിൽപ്പനവരെ കാത്തിരിക്കേണ്ടതായി വരാറുണ്ടോ;

(ഡി) ഇത്തരം സംവിധാനം നികുതി പിരിവ് സങ്കീർണ്ണമാക്കുമോ എന്ന് വ്യക്തമാക്കുമോ;

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ബഹുമുഖ വിൽപ്പനനികുതി നിർദ്ദേശംകൊണ്ട് അധിക നികുതി വരുമാനം കണ്ടെത്തുവാൻ കഴിയും. ഒരു വ്യാപാരി തന്റെ സഹോദര സ്ഥാപനത്തിന്റെ പേരിൽ വില കുറച്ച് കാണിച്ച് നികുതി ഈടാക്കിയശേഷം സഹോദര സ്ഥാപനം ഉയർന്ന വിലയ്ക്ക് ടി സാധനങ്ങൾ വിറ്റ് അമിത ലാഭം ഈടാക്കുന്നത് തടയാനും സാധനങ്ങളുടെ യഥാർത്ഥ വില മറച്ചുവെയ്ക്കുന്നത് തടഞ്ഞ് നികുതി വർദ്ധനവ് വരുത്തുവാനും സാധിക്കും.

(ബി) വസൂലാക്കാൻ കഴിയും.

(സി) ദ്വിമുഖ നികുതി സമ്പ്രദായപ്രകാരം ഒരു ചരക്കിന്റെ ആദ്യ വിൽപ്പനയിലും അവസാന വിൽപ്പനയിലുമാണ് നികുതി വിധേയമാക്കുന്നത്. അവസാന ഘട്ട വിൽപ്പന നടന്നാൽ മാത്രമേ പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന നിരക്കിൽ ഉള്ള നികുതി രജിസ്റ്റർ ചെയ്ത വ്യാപാരിയിൽനിന്നും ലഭിക്കുകയുള്ളു. എന്നാൽ ആദ്യ ഘട്ട വിൽപ്പന നടത്തുമ്പോൾ വാങ്ങുന്ന വ്യക്തി അംഗീകൃത വ്യാപാരി

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ പ്രഥമ ഘട്ടത്തിൽതന്നെ മുഴുവൻ നികുതിയും ലഭിക്കുന്നതാണ്. ദ്വിമുഖ നികുതി സമ്പ്രദായത്തിൽ ആദ്യഘട്ടത്തിൽ കൂടിയ നികുതി നിരക്കും അവസാന ഘട്ടത്തിൽ കുറഞ്ഞ നികുതി നിരക്കുമാണ് ഉള്ളത്. അവസാന ഘട്ടത്തിലും നികുതി വിധേയമായതിനാൽ ആദ്യ ഘട്ടത്തിൽ വില കുറച്ച് കാണിക്കുന്ന പ്രവണത കുറച്ച് കൂടുതൽ നികുതി പിരിക്കുവാൻ സാധിക്കും എന്നുള്ളതാണ് ദ്വിമുഖ നികുതി സമ്പ്രദായത്തിന്റെ പ്രയോജനം. അതായത്, നികുതി നിരക്ക് കൂട്ടാതെ വില കുറച്ച് കാണിക്കുന്ന പ്രവണതയെ നിർത്തലാക്കി കൂടുതൽ നികുതി പിരിക്കുക എന്ന രീതി.

(ഡി) ഈ സമ്പ്രദായം നികുതി പിരിവ് സങ്കീർണ്ണമാക്കുകയില്ല. നികുതി ചോർച്ച തടയുന്നതിനും അധികവരുമാനം സമാഹരിക്കുന്നതിനും ഇത് ഉപകരിക്കും.

"നാളികേര ടെക്നോളജി മിഷൻ"

*5 [534] ശ്രീ. വി. ചെന്താമരാക്ഷൻ:

ഡോ. തോമസ് ഐസക്:

ശ്രീമതി പി. കെ. ശ്രീമതിടീച്ചർ:

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര ടെക്നോളജി മിഷന്റെ പ്രവർത്തനംമൂലം സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ മൊത്തം അടങ്കൽ തുക എത്രയാണ്;

(സി) ടെക്നോളജി മിഷൻ അംഗീകരിച്ച പദ്ധതികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ പദ്ധതിയും ഇതിനകം ചെലവഴിച്ച തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ഇ) തെങ്ങിന് ബാധിച്ചിട്ടുള്ള കാറ്റുവീഴ്ച രോഗം തടയുന്നതിനും രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം വെച്ചുപിടിപ്പിക്കുന്നതിനും ടെക്നോളജി മിഷൻ എത്രകോടി രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകിയിട്ടുള്ളത്; ഈ പദ്ധതിയനുസരിച്ച് എന്ത് തുക ഇതിനകം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ — ഡി) നാളികേര ടെക്നോളജി മിഷനിൽ നാളിതുവരെ 36 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയുടെ മൊത്തം അടങ്കൽ തുക 4,931.942 ലക്ഷം രൂപയാണ്. ഈ പദ്ധതികൾക്ക് ആകെ 1,318.079 ലക്ഷം രൂപ അനുവദിക്കുകയും, 666.395 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു. ഇതിൽ 616.619 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദാംശവും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും മറ്റു വിവരങ്ങളും പട്ടിക–1–ൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly